

ലേഖനം

കെ.ടി ഹുസൈൻ

# കേരളത്തിലെ സാമൂഹിക ബന്ധങ്ങളുടെ ചരിത്രവും വർത്തമാനവും

## ലൗ ജിഹാദ്, തീവ്രവാദ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ

**കേരളത്തിലെ** മുസ്‌ലിംകൾ ഇന്ത്യയിലെ ഇതര ഭാഗങ്ങളിലെ വിശേഷിച്ച് ഉത്തരേന്ത്യൻ മുസ്‌ലിംകളെ അപേക്ഷിച്ച് സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം അൽപം മുമ്പിലാണ്. ഇന്ത്യൻ മുസ്‌ലിംകളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥയെകുറിച്ച് പഠിച്ച രജീന്ദർ സച്ചാർ കമീഷനും അക്കാര്യം എടുത്ത് പറഞ്ഞിട്ടുണ്ട്. കേരളത്തിൽ നിലനിൽക്കുന്ന സഹവർത്തിത്വത്തിലും സൗഹാർദത്തിലും അധിഷ്ഠിതമായ സാമൂഹിക ബന്ധങ്ങളാണ് അതിന് പ്രധാന കാരണമെന്നതും അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അതിൽ

വിള്ളലുകൾ വീഴ്ത്തി മുസ്‌ലിംകളെ അരക്ഷിതരാക്കാനും തദ്വാരാ അവരെ ഉത്തരേന്ത്യൻ മുസ്‌ലിംകൾക്ക് സമാനരാക്കാനുമുള്ള ആസൂത്രിത ശ്രമങ്ങളാണ് ലൗ ജിഹാദ്-തീവ്രവാദ വിരുദ്ധതയുടെ മറവിലുള്ള മാധ്യമ, രാഷ്ട്രീയ പ്രചാരവേലകളിലും തെളിഞ്ഞ് കാണാനാവുന്നത്. ഈയൊരു പശ്ചാത്തലത്തിൽ കേരള മുസ്‌ലിംകളെ ഒരു പരിധിവരെയെങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ച താരതമ്യേന മെച്ചപ്പെട്ട കേരളത്തിലെ സാമൂഹിക ബന്ധങ്ങളെ രൂപപ്പെടുത്തിയ ഘടകങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഉചിതമായിരിക്കും. ചില നിക്ഷിപ്ത താൽപര്യങ്ങളോടെ ചിലർ അടുത്ത കാലത്തായി കൂടുതൽ ഊക്കോടെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതുപോലെ, ഈ സാമൂഹിക ബന്ധങ്ങൾ രൂപപ്പെടുത്തിയത് കേരളത്തിൽ അധികാരത്തിൽ പങ്കാളിത്തം വഹിച്ച ഒരു രാഷ്ട്രീയ സംഘടനയുടെയും അതിന്റെ സൗമ്യനായി അറിയപ്പെട്ട നേതാവിന്റെയും സാന്നിധ്യമാണെന്ന് കരുതുന്നത് ഉപരിപ്ലവമായ വായന മാത്രമാണ്.

കേരളത്തിന്റെ ചരിത്രപരവും സാമൂഹികവുമായ ഒട്ടേറെ സവിശേഷ ഘടകങ്ങൾ കൂടിച്ചേർന്നാണ് സഹവർത്തിത്വത്തിലും സൗഹാർദത്തിലും അധിഷ്ഠിതമായ ഈ സാമൂഹിക ബന്ധങ്ങളെ രൂപപ്പെടുത്തിയത്. അതിന്റെ വേരുകൾ പ്രധാനമായും കാലൂന്നിയിരിക്കുന്നത് ആധുനികത രൂപപ്പെടുന്നതിന് മുമ്പുള്ള കേരളത്തിന്റെ ചരിത്രത്തിൽ തന്നെയാണ്. ആധുനികതക്ക് മുമ്പുള്ള കേരളം ഒരിക്കലും ഇസ്‌ലാമിനെയും മുസ്‌ലിമിനെയും അപരവൽക്കരിക്കുകയോ രണ്ടാം തരക്കാരായി ഗണിക്കുകയോ ചെയ്തിരുന്നില്ല. വർണാശ്രമ വ്യവസ്ഥ അടിത്തറയായി സ്വീകരിച്ച ബ്രാഹ്മണ മതത്തിന് മേൽക്കോയ്മയുണ്ടായിരുന്ന കേരളത്തിലെ രാജസ്വരൂപങ്ങളെല്ലാം തന്നെ സ്വന്തം മതത്തിലെ കീഴാളരെ ചവിട്ടിത്താഴ്ത്തിയിരുന്നുവെങ്കിലും മുസ്‌ലിംകളോടും ഇസ്‌ലാമിനോടും തുല്യതയോടു കൂടിയ സമീപനമാണ് പുലർത്തിയത്. മുസ്‌ലിംകൾക്ക് മതപരവും രാഷ്ട്രീയവും സാംസ്കാരികവുമായ സ്വയംനിർണയാവകാശം അനുവദിക്കുക മാത്രമല്ല, രാജകുടുംബത്തിലെ സ്ത്രീകളെ അവർക്ക് വിവാഹം ചെയ്തു കൊടുക്കാൻ വരെ കേരളത്തിലെ ഹിന്ദുരാജസ്വരൂപങ്ങൾ തയാറായിരുന്നു. കേരളത്തിലെ പ്രബലമായ പല മുസ്‌ലിം കുടുംബങ്ങളും രൂപപ്പെട്ടതു തന്നെ ഹിന്ദു രാജകുടുംബങ്ങളിൽ നിന്നുള്ള വിവാഹ ബന്ധത്തിലൂടെയാണ്. കണ്ണൂരിലെ അറക്കൽ രാജവംശവും പരപ്പനങ്ങാടിയിലെ നഹാകുടുംബവും ഉദാഹരണങ്ങൾ. അറക്കൽ രാജവംശം കണ്ണൂരിലെ ചിറക്കൽ രാജകുടുംബത്തിൽ നിന്നും നഹാകുടുംബം പരപ്പനാട് രാജകുടുംബത്തിൽ നിന്നും വിവാഹബന്ധത്തിലൂടെ രൂപപ്പെട്ടതാണ്. കൂടാതെ കോഴിക്കോട്ടെ അമ്പാടി കോവിലകം, വലിയ കോവിലകം, ചെറിയ കോവിലകം, ഏറാമ്പിര കോവിലകം, പടിഞ്ഞാറെ കോവിലകം, കിഴക്കെ കോവിലകം, കുറ്റിച്ചിറ തമ്പുരാട്ടി ഇല്ലം തുടങ്ങിയ നമ്പൂതിരി കുടുംബങ്ങളിൽ നിന്നെല്ലാം മുസ്‌ലിംകൾ വിവാഹം ചെയ്തിരുന്നു.

കേരളത്തിലെ പ്രബല ഭരണകൂടമായിരുന്ന കുലശേഖര രാജവംശത്തിന്റെ തകർച്ചയെത്തുടർന്ന് ഉയർന്നുവന്ന ഒട്ടേറെ ചെറുകിട നാടുവാഴികളിൽ ഒന്നുമാത്രമായ കോഴിക്കോട്ടെ സാമൂതിരിയെ കേരളത്തിലെ പ്രബല രാജ വംശമായി ഉയർത്തിയത് മുസ്‌ലിംകളാണ്. ഒന്നിച്ചെടുത്താൽ ഒരു തീരപ്രദേശം പോലെ തോന്നിക്കുന്ന കേരളത്തിന് അക്കാലത്ത് പുറംലോകവുമായി രാഷ്ട്രീയ സാമ്പത്തിക ബന്ധം പുലർത്തണമെങ്കിൽ നാവികസേനയും കടൽവ്യാപാരവും കൂടിയേതീരൂ. കേരളത്തിലെ രാജാക്കന്മാരിൽ സ്വന്തമായി നാവികസേനയും കടൽവ്യാപാരവും ഉണ്ടായിരുന്നത്

സാമൂതിരിക്ക് മാത്രമായിരുന്നു. സാമൂതിരിയെ കേരളത്തിനകത്തും പുറത്തും പ്രബലമാക്കിയത് ഇതു രണ്ടുമാണ്. അത് രണ്ടിന്റെയും കുത്തകയാകട്ടെ സാമൂതിരി രാജ്യത്ത് മുസ്‌ലിംകൾക്കായിരുന്നു. സമുദ്രയാത്രക്ക് മതപരമായി വിലക്കുള്ളതിനാലാണ് സാമൂതിരി ഒഴികെ മറ്റു ഹിന്ദുരാജാക്കന്മാരാരും ആ രംഗത്തേക്ക് കടന്നുവരാതിരുന്നത്. കരയിലെ നായർ പടയാളികളുടെ പോരാട്ട വീറും കടലിലെ കുഞ്ഞാലിയുടെ നേതൃത്വത്തിലുള്ള മരക്കാർ സേനയുടെ ശൂരതയും കൊണ്ട് സാമൂതിരി മറ്റു രാജാക്കന്മാരെയെല്ലാം നിഷ്പ്രഭമാക്കുകയായിരുന്നു. മരക്കാർ സേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മതപരിവർത്തനത്തിനു പോലും സാമൂതിരി ഹിന്ദുക്കളെ പ്രോത്സാഹിപ്പിച്ചിരുന്നുവെന്നാണ് പറയപ്പെടുന്നത്. തോമസ് ആർനൾഡ് എഴുതുന്നു: 'അദ്ദേഹം (സാമൂതിരി) രാജ്യത്തെ മീൻപിടുത്തക്കാരുടെ കുടുംബത്തിലെ ഒന്നോ അതിലധികമോ ആൺ സന്തതികളെ മുഹമ്മദീയരായി വളർത്തിക്കൊണ്ടുവരേണ്ടതാണെന്ന് കൽപിച്ചു.'

സാമൂതിരിക്ക് ഹിന്ദുക്കൾക്കിടയിൽ പ്രാമാണ്യം ലഭിച്ചത് വള്ളുവക്കോനാതിരിയെ തോൽപിച്ച് മാമാങ്കത്തിന്റെ രക്ഷാധികാരസ്ഥാനം നേടിയെടുത്തതോടു കൂടിയാണ്. മാമാങ്കത്തിന്റെ രക്ഷാധികാര സ്ഥാനത്തിനു വേണ്ടിയുള്ള ഈ യുദ്ധത്തിൽ സാമൂതിരിക്ക് സാമ്പത്തികവും സൈനികവുമായ എല്ലാ സഹായവും നൽകിയത് മുസ്‌ലിംകളാണ്. മാമാങ്ക യുദ്ധത്തിനു ശേഷം സാമൂതിരിയുടെ കോഴിക്കോട്ടേക്കുള്ള ജൈത്രയാത്രയിൽ അദ്ദേഹത്തിന്റെ വലതുഭാഗത്തുണ്ടായിരുന്നത് കോഴിക്കോട്ടെ മുസ്‌ലിംകളുടെ നേതാവായ ശാഹ്ബന്ദർ കോയയായിരുന്നു.

മുസ്‌ലിംകൾക്കോ അവരുടെ പരമ്പരാഗതമായ വേഷഭൂഷകൾക്കോ സാമൂതിരിയുടെ രാജ്യത്ത് യാതൊരുവിധ അപരവൽക്കരണവും നേരിടേണ്ടി വന്നില്ല എന്നതിന് ചരിത്രകാരനായ താരാചന്ദിന്റെ വാക്കുകൾ അടിവരയിടുന്നു: 'ഒരു നമ്പൂതിരിയുടെ അടുത്തിരിക്കാനുള്ള അവകാശം ഒരു മുസൽമാനുണ്ടായിരുന്നു, ഒരു നായർക്കുണ്ടായിരുന്നില്ല. മാപ്പിളമാരുടെ മതനേതാവായ ഖാളിക്ക് സാമൂതിരിയോടൊപ്പം പല്ലക്കിൽ യാത്ര ചെയ്യാനും അവകാശമുണ്ടായിരുന്നു.'

ഇപ്രകാരം സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിലെല്ലാം സ്വയംനിർണയാവകാശവും തുല്യാവസരവും അനുവദിക്കപ്പെട്ടതിനാൽ മുസ്‌ലിംകൾ സാമൂതിരിയോടും അദ്ദേഹത്തിന്റെ ഹിന്ദു പ്രജകളോടും അങ്ങേയറ്റം കൂറും ബഹുമാനവും പുലർത്തി. ഹൈന്ദവ വികാരങ്ങളോട് അനുഭാവം പുലർത്തി മുസ്‌ലിംകൾ ഗോവധം സ്വമേധയാ ഒഴിവാക്കിയിരുന്നുവെന്നാണ് ചരിത്രം പറയുന്നത്.

പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് കൊളോണിയൽ ശക്തികൾക്കെതിരെ കേരളത്തിൽ നടന്ന ചെറുത്തുനിൽപ് സമരങ്ങളും ഹിന്ദുമുസ്‌ലിം സഹവർത്തിത്വത്തിന്റെ ഉജ്ജ്വല മാതൃകകളാൽ സമ്പന്നമാണ്. ഈ ചെറുത്തുനിൽപ് സമരങ്ങളുടെയെല്ലാം കർതൃത്വം മുസ്‌ലിംകൾക്കായിരുന്നു. എങ്കിലും അതിന്റെ എല്ലാ ഘട്ടങ്ങളിലും ഹിന്ദുക്കളുടെയും അവരുടെ നേതാക്കളുടെയും സഹകരണവും പിന്തുണയും അവർ ഉറപ്പു വരുത്തി. മുസ്‌ലിംകളും ഹിന്ദുക്കളും ചേർന്ന് സാമൂതിരിയെന്ന ഹൈന്ദവ രാജാവിന്റെ നേതൃത്വത്തിൽ നടന്ന പോർട്ടുഗീസ് വിരുദ്ധ പോരാട്ടങ്ങളെ അക്കാലത്ത് ജീവിച്ച മതപണ്ഡിതനായ ശൈഖ് സൈനുദ്ദീൻ മഖ്ദൂം ജിഹാദ് എന്ന് വിശേഷിപ്പിച്ചതും സവിശേഷ ശ്രദ്ധയർഹിക്കുന്നതാണ്. പോരാട്ടം ആസൂത്രണം ചെയ്യാൻ പള്ളികളിൽ ചേർന്ന കൂടിയാലോചനകളിലേക്ക് ഹൈന്ദവ നേതാക്കന്മാർ ക്ഷണിക്കപ്പെടുകയും അവർ പങ്കെടുക്കുകയും ചെയ്തിരുന്നു. കൊളോണിയൽ ശക്തികളുടെ കുത്തി

ത്തിരുപ്പുകൾക്കിരയായി തന്നോട് ഒരിക്കലും പൊറുക്കാനാവാത്ത വഞ്ചനചെയ്ത സാമൂതിരിയോട് അവസാന നിമിഷത്തിലും കുഞ്ഞാലി കൂറു പുലർത്തിയിരുന്നു വെന്നാണ് 'എന്റെ രാജാവിന്റെ മുമ്പിൽ മാത്രമേ ഞാൻ കീഴടങ്ങൂ' എന്ന അദ്ദേഹ ത്തിന്റെ പ്രഖ്യാപനത്തിൽ തെളിയുന്നത്. കീഴടങ്ങിയ കുഞ്ഞാലിയെ വ്യവസ്ഥക്ക് വിരുദ്ധമായി പോർച്ചുഗീസുകാർക്ക് കൈമാറിയ സാമൂതിരിയുടെ നടപടിക്കെതിരെ അദ്ദേഹത്തിന്റെ നായർപടയാളികൾ കലാപമുയർത്തുക പോലും ചെയ്തു.

സഹവർത്തിത്വത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായ ഈ സാമൂഹിക ബന്ധത്തിൽ ആദ്യമായി വിള്ളലുകൾ വീഴ്ത്തി മുസ്‌ലിം അപരവൽക്കരണത്തിന്റെ പ്രത്യയശാസ്ത്രം രൂപപ്പെടുത്തിയത് കൊളോണിയൽ ചരിത്ര രചനയാണ്. കേരള ത്തിൽ ഒട്ടേറെ സാമൂഹിക പരിഷ്കരണങ്ങൾക്കും ആധുനികവൽക്കരണത്തിനും തുടക്കം കുറിച്ച മൈസൂരിലെ ടിപ്പുസുൽത്താനെയും കേരളത്തിന്റെ സാമൂഹിക മാറ്റ ത്തിന് രാസത്വരകമായി വർത്തിച്ച മലബാർ കലാപത്തെയുമാണ് തങ്ങളുടെ നിഗൂഢ ലക്ഷ്യങ്ങൾക്ക് വേണ്ടി കൊളോണിയൽ ചരിത്ര രചന ആയുധമാക്കിയത്. ഗുരുവാ യൂർ ക്ഷേത്രമടക്കം കേരളത്തിലെ നൂറോളം ക്ഷേത്രങ്ങൾക്ക് സംഭാവന നൽകുകയും തന്റെ രാജ്യത്ത് ഹിന്ദുക്കൾ കൂടിയുണ്ട് എന്ന വസ്തുത സദാ തന്നെ ബോധ്യപ്പെടു ത്തുന്നതിനായി ശ്രീരംഗപട്ടണത്ത് തന്റെ കൊട്ടാര വളപ്പിനകത്തു തന്നെ ക്ഷേത്രമ നുവദിക്കുകയും ചെയ്ത മഹാനായ ടിപ്പുവിനെ ക്ഷേത്രധ്വംസകനും മതഭ്രാന്തനു മായും, മലബാർ കലാപത്തെ മതഭ്രാന്തിന്റെ ഹാലിളക്കമായും കൊളോണിയൽ ചരിത്രം ചിത്രീകരിച്ചു. കൊളോണിയൽ കളരിയിൽ നിന്ന് പഠിച്ചിറങ്ങി നേരെ ചരി ത്രമെഴുത്തിലേക്ക് പ്രവേശിച്ച കേരളത്തിന്റെ ആധുനിക നായർ ചരിത്രകാരന്മാർ കൊളോണിയൽ ചരിത്ര രചന വമിച്ചുവിട്ട ഈ വിഷപ്പുക അപ്പാടെ ശ്വസിച്ച് അതുതന്നെ കൂടുതൽ ഊക്കോടെ പുറത്തേക്കു വിടുകയാണ് ചെയ്തത്. കേരള ചരി ത്രത്തിൽ മുസ്‌ലിംകൾ ആദ്യമായി അപരവൽക്കരിക്കപ്പെടുന്നത് ഈ കൊളോണി യൽ ചരിത്ര രചനയിലും അവയുടെ നായർ വാർപ്പുമാതൃകകളിലുമാണ്. മലബാർ കലാപത്തിന്റെ അന്ത്യഘട്ടത്തിൽ മുസ്‌ലിം സമുദായത്തിലെ ചില വിവര ദോഷി കളും സാമൂഹിക ദ്രോഹികളും ചെയ്തുകൂട്ടിയ ചില അത്യാചാരങ്ങൾ മുസ്‌ലിമിനെ അപരസ്ഥാനത്ത് നിർത്തുന്ന ഒരു പൊതുബോധം രൂപപ്പെടുത്താൻ നായർ അധീശ ത്വമുള്ള ചരിത്ര-സാംസ്കാരിക മണ്ഡലത്തിന് വഴി എളുപ്പമാക്കുകയും ചെയ്തു.

സാംസ്കാരിക, ചരിത്ര മണ്ഡലത്തിലെ ഈ മുസ്‌ലിം അപരവൽക്കരണം മാറ്റ മില്ലാതെ തുടർന്നെങ്കിലും രാഷ്ട്രീയ മണ്ഡലത്തിൽ കെ.കേളപ്പനെയും മുഹമ്മദ് അബ്ദുറഹിമാനെയും പോലുള്ള മനുഷ്യസ്നേഹികളുടെ അവസരോചിതമായ ഇട പെടലുകൾ മലബാർ കലാപം സാമൂഹിക ബന്ധങ്ങളിൽ സൃഷ്ടിച്ച നേരിയ ഉലച്ചി ലുകളെപോലും ഇല്ലാതാക്കി. ഭൂമിശാസ്ത്രപരമായ കിടപ്പുകാരണം രാജ്യവിഭജനം അശേഷം ബാധിക്കാതിരുന്നതിനാൽ സ്വാതന്ത്ര്യാനന്തര വർഗീയ ധ്രുവീകരണങ്ങ ളിൽ നിന്നും കേരളം രക്ഷപ്പെട്ടു. മുസ്‌ലിമിനെ ഒട്ടും അപരവൽക്കരിക്കാത്ത ആധു നിക പൂർവ കേരളചരിത്രവും വിഭജനം ബാധിക്കാത്ത സ്വാതന്ത്ര്യാനന്തര കേരളാവ സ്ഥയും രൂപപ്പെടുത്തിയ സാമൂഹിക ബന്ധങ്ങളിലെ ഇഴയടുപ്പവും മുസ്‌ലിം നവോ ത്ഥാന പ്രസ്ഥാനങ്ങളുടെ മുൻകൈയിൽ നടന്ന സാമൂഹിക പരിഷ്കരണ സംരംഭ ങ്ങളും മുസ്‌ലിം ലീഗിന്റെ അധികാര പങ്കാളിത്തവും കൂടിച്ചേർന്നപ്പോഴാണ് വിഭ ജനം നട്ടെല്ലൊടിച്ച് കളഞ്ഞ ഉത്തരേന്ത്യൻ മുസ്‌ലിംകളിൽ നിന്ന് വ്യത്യസ്തമായി കേരള മുസ്‌ലിംകൾക്ക് മുമ്പിൽ പുരോഗതിയുടെ കിളിവാതിലുകൾ തുറക്കപ്പെട്ടത്.

പുരോഗതിയുടെ ഈ കിളിവാതിലുകൾ അടച്ചുകളയാനും സാമൂഹിക ബന്ധങ്ങളിൽ അസ്വാരസ്യം വിതറി രാഷ്ട്രീയ ലാഭം നേടാനുമുള്ള കുത്സിത ശ്രമങ്ങൾ രാഷ്ട്രീയ മണ്ഡലത്തിൽ സംസ്ഥാന രൂപീകരണത്തിന് ശേഷവും പലപ്പോഴായി അരങ്ങേറിയിട്ടുണ്ട്. നിർണായകമായ സമയങ്ങളിൽ കൂടെ നിന്ന് സഹായിച്ചിട്ടും സ്വാതന്ത്ര്യസമര കാലഘട്ടങ്ങളിൽ മുഖാമുഖം നിന്ന് പൊരുതിയതിന്റെ ഹാങ്ങോവർ വിട്ടുമാറാതെ മുസ്‌ലിം ലീഗിനെ ഏറെ കാലം അയിത്തം കൽപിച്ച് മാറ്റിനിർത്തി കോൺഗ്രസ് തന്നെയാണ് അതിന് തുടക്കം കുറിച്ചത്. കോൺഗ്രസിനെ സംബന്ധിച്ചേടത്തോളം ഏറെക്കാലം മുസ്‌ലിംലീഗ് ചത്ത കുതിരയായിരുന്നുവല്ലോ. ആദ്യമായി അധികാരത്തിൽ പങ്കാളിത്തം നൽകി തൊട്ടുകൂടായ്മയിൽ നിന്ന് മുസ്‌ലിം ലീഗിന് മോചനം നൽകിയ കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള 1967–ലെ സപ്തകക്ഷിമുന്നണി തീർത്തും വികസനപരമായ കാരണങ്ങളാൽ മലപ്പുറം ജില്ല രൂപീകരിക്കാൻ തീരുമാനിച്ചപ്പോഴും കോൺഗ്രസ് തങ്ങളുടെ മതേതര കുപ്പായം ഊരിവെച്ച് പച്ചയായ വർഗീയ ധ്രുവീകരണ ശ്രമങ്ങളിലേക്ക് എടുത്തു ചാടുകയുണ്ടായി. പിറന്ന സമുദായത്തോട് അബദ്ധത്തിൽ പോലും കൂറു കാണിച്ചിട്ടില്ലാത്ത മലബാറിലെ മുസ്‌ലിം നേതാവിനെ മുമ്പിൽ നിർത്തിയാണ് കോൺഗ്രസിലെ സവർണ ലോബി മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരെ കരുക്കൾ നീക്കിയത്. മലബാറിൽ ഒരു കുട്ടിപ്പാകിസ്താൻ രൂപം കൊള്ളാൻ പോകുന്നു എന്നായിരുന്നു പ്രചാരണം. *മാതൃഭൂമി*യെപ്പോലെയുള്ള പത്രങ്ങൾ ഈ പ്രചാരണം ഏറ്റുപിടിക്കുകയും ചെയ്തു.

മുസ്‌ലിംകളിൽ അരക്ഷിത ബോധം വളർത്തും വിധം സാമൂഹിക ബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തി രാഷ്ട്രീയ ലാഭം നേടാനുള്ള അടുത്ത ശ്രമം നടന്നത് മതേതരത്വം ജീവവായുവായി കരുതുന്ന സാക്ഷാൽ കമ്യൂണിസ്റ്റ് പാർട്ടികളുടെ കാർമികത്വത്തിലാണ്. ശാബാനുകേസിന്റെ പശ്ചാത്തലത്തിൽ 80 കളിൽ ഇ.എം.എസ് നമ്പൂതിരിപ്പാട് ഉയർത്തിവിട്ട ശരീഅത്ത് വിവാദമാണ് അതിന് ആയുധമായത്. തങ്ങളോടൊപ്പം മുന്നണിയിൽ ഉണ്ടായിരുന്ന മുസ്‌ലിം ലീഗിന്റെ ഒരു കഷ്ണത്തെ നിഷ്കരുണം ചവിട്ടിപ്പുറത്താക്കിയും മുസ്‌ലിം ലീഗിനോട് സഖ്യം വേണമെന്ന് വാദിച്ച എം.വി. രാഘവനെ ബലിയാടാക്കിയുമാണ് ഇ.എം.എസ്സും പ്രഭൃതികളും ഇസ്‌ലാമിക ശരീഅത്തിനെതിരെ ഹിസ്റ്റീരിയാ സമാനം ഉറഞ്ഞുതുള്ളിയത്. ഇ.എം.എസ് അരങ്ങിൽ നിറഞ്ഞാടിയ ഈ ശരീഅത്ത് വിരുദ്ധ നാടകത്തിന്റെ അണിയറയിൽ എന്നും മുസ്‌ലിം രാഷ്ട്രീയത്തോട് അസ്പൃശ്യത കാത്തുസൂക്ഷിക്കുന്ന അന്നത്തെ പാർട്ടി സെക്രട്ടറി സഖാവ് അച്യുതാനന്ദനായിരുന്നു; *മാതൃഭൂമി* പത്രം ശരീഅത്ത് വിരുദ്ധ പോരാട്ടത്തെ മുന്നിൽ നിന്ന് നയിക്കുകയും ചെയ്തു. മുസ്‌ലിം വിരുദ്ധ പൊതുബോധം കേരളത്തിൽ വളർത്തിവികസിപ്പിക്കുന്നതിൽ ശരീഅത്ത് വിവാദം അനൽപമായ പങ്കാണ് വഹിച്ചത്. 1987–ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണിയെ അധികാരത്തിലെത്തിച്ചതും ഈ പൊതുബോധമാണ്. മുസ്‌ലിം ലീഗും കേരള കോൺഗ്രസ്സുമില്ലാത്ത ഭരണം എന്ന ഇടതുപക്ഷ മുന്നണിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം, തങ്ങളുടേത് ഒരു ഹിന്ദു നിയോജകമണ്ഡലമാണെന്ന അവരുടെ തുറന്ന പ്രഖ്യാപനമായിരുന്നു. മുമ്പത്തെ യു.ഡി.എഫ് സർക്കാറിന്റെ മുല്ല, മുക്രി പെൻഷൻപോലും ആ തെരഞ്ഞെടുപ്പിൽ ഇടതു മുന്നണി വിവാദമാക്കുകയുണ്ടായി.

ശാബാനു വിവാദത്തെ തുടർന്ന് പാർലമെന്റ് പാസാക്കിയ ശരീഅത്ത് ബില്ലിനെ മറയാക്കി മാധ്യമങ്ങളും അൾട്രാ സെക്യുലരിസ്റ്റുകളും കമ്യൂണിസ്റ്റുകളും

ചേർന്നു നടത്തിയ മുസ്‌ലിം വിദ്വേഷ പ്രചാരണം കാരണം തങ്ങൾക്കെതിരായി എന്ന് കോൺഗ്രസിന് തോന്നിയ പൊതുബോധത്തെ തിരിച്ചു പിടിക്കാൻ നടത്തിയ അപകടകരമായ കളിയാണ് '90കളിൽ ബാബരി മസ്ജിദിന്റെ തകർച്ചയിലേക്ക് നയിച്ച സംഭവപരമ്പരകളിലുടനീളം കോൺഗ്രസ് അനുവർത്തിച്ച ഹിന്ദു വർഗീയ പ്രീണന നയങ്ങളിൽ തെളിഞ്ഞു കണ്ടത്.

ബാബരിമസ്ജിദ് പ്രശ്നത്തിൽ കോൺഗ്രസ് കെട്ടിയാടിയ മുഴുനീള വഞ്ചനാനാടകത്തിനൊടുവിൽ മസ്ജിദിന്റെ മിനാരങ്ങൾ തകർന്നു വീണത് ഇന്ത്യയിലുടനീളം സൃഷ്ടിച്ച വർഗീയ ചേരിതിരിവ് കേരളത്തിലും സാമൂഹിക ബന്ധങ്ങളിൽ ആഴത്തിൽ വിള്ളലുകൾ വീഴ്ത്തുകയും മുസ്‌ലിംകളെ അരക്ഷിതരാക്കുകയും ചെയ്തു. പള്ളി തകർത്തത് സംഘ്പരിവാർ ആയിരുന്നുവെങ്കിലും അതിനുള്ള എല്ലാ ഒത്താശയും ചെയ്തു കൊടുത്തത് കോൺഗ്രസ്സായിരുന്നുവെന്ന കാര്യം അന്ന് ഇന്ത്യയിൽ മനസ്സിലാകാതെ പോയ ഒരേ ഒരു കൂട്ടർ കോൺഗ്രസിനോടൊപ്പം അധികാരത്തിൽ പങ്കാളിത്തം വഹിച്ചിരുന്ന കേരളത്തിലെ മുസ്‌ലിം ലീഗ് ആയിരുന്നു. ബാബരി മസ്ജിദ് പ്രശ്നത്തിൽ കോൺഗ്രസ് നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തിക്കാൻ കഴിയുമായിരുന്ന ഒരേ ഒരു സംഘടനയാകട്ടെ അന്ന് ഇന്ത്യയിൽ അവർ മാത്രവുമായിരുന്നു. കാരണം ഭരണത്തിലെയും മുന്നണിയിലെയും പങ്കാളിത്തം ഒരു സമ്മർദമായി ഉപയോഗിക്കാൻ ലീഗിന് കഴിയുമായിരുന്നു. കരുണാകരനെയും ആന്റണിയെയും മുഖ്യമന്ത്രിസ്ഥാനത്തുനിന്ന് വലിച്ചു താഴെയിടാൻ ലീഗ് ഈ സമ്മർദ തന്ത്രം നന്നായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ബാബരി മസ്ജിദ് പ്രശ്നത്തിന്റെ ഒരു ഘട്ടത്തിലും ലീഗ് അത്തരമൊരു ആർജവമുള്ള നിലപാട് സ്വീകരിക്കാതെ പോയതാണ് സമുദായത്തിൽ അരക്ഷിതബോധം വളരാനും ചെറിയ തോതിലെങ്കിലുമുള്ള തീവ്രവാദപരമായ ആശയങ്ങൾ വേരു പിടിക്കാനും ഇടയായത് എന്നതാണ് വസ്തുത. ലീഗിന് പുറത്തല്ല അതിനുള്ളിൽ തന്നെയാണ് ആ വേരോട്ടമെന്നതും നിഷേധിക്കാനാവില്ല. ലീഗിലെ ഒരു വിഭാഗവും അവരുടെ പോഷക സംഘടനകളായ മത വിഭാഗങ്ങളും ഇപ്പോൾ ഭീകരവാദ വിരുദ്ധതയുടെ മറവിൽ ജമാഅത്തെ ഇസ്‌ലാമിക്കും മൗദൂദിക്കുമെതിരെ ഉണ്ടയില്ലാ വെടി ഉതിർക്കുന്നതിന്റെ ഗുട്ടൻസ് ഈ മണ്ണൊലിപ്പ് തടയുക മാത്രമാണ്. സ്വന്തം പാർട്ടിയുടെ അടിത്തറയിളകുകയും അണികളെപോലും തീവ്രവാദത്തിലേക്ക് എറിഞ്ഞു കൊടുക്കുകയും ചെയ്ത ലീഗിന്റെയും അതിന്റെ സൗമ്യനായ നേതാവിന്റെയും നിസ്സംഗ നിലപാടിനെ പതിറ്റാണ്ടുകൾക്ക് ശേഷം ആർജവവും പക്വവുമായ നിലപാടായി ഇപ്പോൾ കൊട്ടിഘോഷിക്കുന്നതിന്റെ പിറകിൽ ലീഗുകാർക്കില്ലെങ്കിലും മറ്റു ചിലർക്ക് ഒളിയജണ്ടകളുണ്ട്.

ബാബരി മസ്ജിദിന്റെ പതനത്തെതുടർന്ന് ഇന്ത്യയൊട്ടാകെ കത്തിയപ്പോൾ കേരളം കത്താതിരുന്നത് കേരള മുസ്‌ലിംകൾ കുഴപ്പക്കാരും കലാപകാരികളും അല്ലാതിരുന്നതു കൊണ്ടല്ല, മറിച്ച് മുസ്‌ലിം ലീഗിന്റെ സൗമ്യനായ നേതാവിന്റെ സാന്നിധ്യം കൊണ്ടാണെന്ന പ്രചാരണമാണ് ശിഹാബ് തങ്ങൾ അനുസ്മരണമെന്ന പേരിൽ കുറച്ചു നാളുകൾക്ക് മുമ്പ് ഇവിടെ അരങ്ങേറിയത്. യഥാർഥത്തിൽ ബാബരി തകർച്ചയെ തുടർന്ന് ഒറ്റപ്പെട്ട ചില അക്രമ സംഭവങ്ങൾ നടന്ന മുംബൈയെ മാറ്റി നിർത്തിയാൽ ഇന്ത്യയിലെവിടെയും കത്തിയിട്ടില്ല. മുംബൈ കത്തിച്ചതാകട്ടെ, ശിവസേനയുമാണ്. ഈയൊരനുഭവ യാഥാർഥ്യമാണ് ശിഹാബ് തങ്ങളെ വാഴ്ത്തുക എന്ന പേരിൽ അരങ്ങു തകർത്ത നുണ പ്രചാരണത്തിൽ ഒലിച്ചു പോയത്. യഥാർഥത്തിൽ ഈ ശിഹാബ് തങ്ങൾ അനുസ്മരണം പോലും മുസ്‌ലിം വിദ്വേഷ പ്രചാരണ

ത്തിനും വർഗീയ ധ്രുവീകരണത്തിനുമുള്ള ഇന്ധനമാക്കുകയായിരുന്നു കേരളത്തിലെ സവർണ പൊതുബോധം. ലൗ ജിഹാദ് വിവാദം, ദലിത് തീവ്രവാദം, മഅ്ദനി കുടുംബത്തെ മുമ്പിൽ നിർത്തി തീവ്രവാദത്തിനെതിരെയുള്ള മാധ്യമ-രാഷ്ട്രീയ- പോലീസ് പ്രചാര വേലകൾ തുടങ്ങിയവയെല്ലാം അതിന്റെ തുടർച്ച മാത്രമാണ്.

മുസ്‌ലിം ലീഗ് കൂടുതൽ കൂടുതൽ പ്രതിലോമപരമായി തീരുമ്പോഴും മുസ്‌ലിം സമുദായത്തിൽ അതിനോട് അകലം പാലിച്ച് സ്വയം വെട്ടിയ പാതയിലൂടെ നടക്കാൻ തീരുമാനിച്ച വിഭാഗങ്ങളിലെല്ലാം ഏതോ അർഥത്തിലുള്ള ഒരു ചലനാത്മകത ഇന്ന് ദൃശ്യമാണ്. മാധ്യമ രംഗത്തും സാമൂഹിക ഇടപെടലിന്റെ മേഖലയിലുമാണ് ഈ ചലനാത്മകത ഗുണാത്മകമായി പ്രകടമായിക്കൊണ്ടിരിക്കുന്നത്. സവർണ പൊതുബോധത്തിൽ നിന്ന് മുസ്‌ലിംകളേക്കാൾ കൂടുതൽ അപരവൽക്കരണം നേരിടുന്ന കീഴാള വിഭാഗങ്ങളുമായി ഈ ചലനാത്മകത താദാത്മ്യപ്പെടാനുള്ള പ്രവണതയും അടിത്തട്ടിൽ കണ്ടു വരുന്നുണ്ട്. ചെങ്ങറയിലും വർക്കലയിലും അതിന്റെ ചില സൂചനകളാണ് കണ്ടത്. കേരളത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലങ്ങളെ ഒന്നടങ്കം ഗ്രസിച്ചു കഴിഞ്ഞ സവർണ പൊതുബോധത്തിനെതിരെ ഒരു ബദൽ പൊതു ബോധം രൂപപെടുത്താൻ കെൽപുള്ള ഈ മുസ്‌ലിം, കീഴാള രാഷ്ട്രീയത്തിനെതിരായ മനഃശാസ്ത്രയുദ്ധമാണിപ്പോൾ ലൗ ജിഹാദ് വിവാദത്തിന്റെയും ഭീകരവേട്ടയുടെയും പേരിൽ അരങ്ങു തകർക്കുന്നത്. തങ്ങളുടെ മൺമറഞ്ഞു പോയ നേതാവിന്റെ സഹജമായ സൗമ്യത പോലും ഈ യുദ്ധത്തിൽ നിക്ഷിപ്ത താൽപര്യക്കാർ ആയുധമാക്കുകയാണ്. കേരളത്തിലെ സയ്യിദ് പാരമ്പര്യമെന്നത് നിസ്സംഗതയുടെതല്ലെന്നും, മറിച്ച് അനീതിക്കും അക്രമത്തിനുമെതിരെ നിരന്തരം പൊരുതി ജയിലിൽ പോയതിന്റെയും നാടു കടത്തപ്പെട്ടതിന്റെതുമാണെന്നും ബന്ധപ്പെട്ടവർ ഓർക്കുന്നത് നല്ലതാണ്. ■

ktmhussain@yahoo.co.in

**റഫറൻസ്**

1. താരാചന്ദ്- *ഇൻഫ്ളുവൻസ് ഓഫ് ഇസ്‌ലാം ഇൻ ഇന്ത്യൻ കൾച്ചർ*
2. തോമസ് ആർനോൾഡ്- *ഇസ്‌ലാം പ്രബോധനവും പ്രചാരവും*
3. ശൈഖ് സൈനുദ്ദീനുൽ മഖ്ദൂം- *തുഹ്ഫത്തുൽ മുജാഹിദീൻ*
4. കെ.വി. കൃഷ്ണയ്യർ- *കോഴിക്കോട്ടെ സാമൂതിരിമാർ*
5. മമ്മദ്കോയ പരപ്പിൽ- *കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രം*
6. ഖാദി മുഹമ്മദ്- *ഫത്ഹുൽ മുബീൻ*